പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:671 29.06.2011- ലെ മറുപടി

കോതമംഗലം ഡിപ്പോയിൽ വർക്ക്ഷോപ്പ് റാമ്പ് നിർമ്മിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.യു.കുരുവിള | ശ്രീ.വി.എസ്.ശിവകുമാർ<br>ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി |
| (എ) കോതമംഗലം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ വണ്ടികളുടെ ശുചീകരണത്തിനും മറ്റ് പണികൾക്കും അത്യന്താപേക്ഷിതമായ വർക്ക്ഷോപ്പ് റാമ്പ് ഇല്ലായെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത് നിർമ്മിക്കുന്നതിന് വേണ്ട അടിയന്തിര നടപടി സ്വീകരിക്കുമോ; | (ബി) ഇത് നിർമ്മിക്കാനാവശ്യമായ നടപടികൾ കെ.എസ്.ആർ.ടി.സി സ്വീകരിക്കുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തുകഴിഞ്ഞു. |
| (സി) തൊടുപുഴ ഡിപ്പോയിൽ നിന്നും കോതമംഗലം വഴി വേളാങ്കണ്ണിയിലേക്കുണ്ടായിരുന്ന സർവ്വീസ് പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ: | (സി) ബസും, ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത സർവ്വീസ് ലാഭകരമായി ഓടിക്കുവാൻ കഴിയുമോയെന്ന് പരിശോധിക്കുന്നതാണ്. |
| (ഡി) കോതമംഗലത്തു നിന്നും സുൽത്താൻബത്തേരി വഴി പെരിക്കല്ലൂരിലേക്ക് സർവ്വീസ് പ്രോപ്പോസൽ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ഡി) ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (ഇ) കോതമംഗലം ഡിപ്പോയിലെ സൂപ്പർഫാസ്റ്റ് ബസ്സുകൾക്ക് പകരം എക്സ്പ്രസ്സ് ബസ്സുകൾ അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; | (ഇ) സൂപ്പർഫാസ്റ്റ് ബസ്സുകൾ എക്സ്പ്രസ്സ് ബസ്സുകളായി ഓടിക്കുകയാണെങ്കിൽ ലാഭകരമല്ലായെന്നാണ് റിപ്പോർട്ട് ലഭിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | കൂടാതെ ജനങ്ങൾക്ക് ഉപകാരപ്രദമായിരിക്കില്ലായെന്നും കാണുന്നു. |
| (എഫ്) | കോതമംഗലം ഡിപ്പോയിലെ പഴയ ബസ്സുകൾക്ക് പകരം പുതിയ ബസ്സുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (എഫ്) | പുതിയ ബസ്സുകൾ (1000 എണ്ണം) വാങ്ങി ബോഡി ചെയ്യുന്ന മുറയ്ക്ക് പഴയ ബസ്സുകൾ മാറ്റാവുന്നതാണ്. |

സെക്ഷൻ ഓഫീസർ